**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** — **18.08.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 249**

## കൃത്രിമപ്പാര് നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സി. മമ്മൂട്ടി**<br>" **പി.ഉബൈദുള്ള**<br>" **എൻ. ഷംസുദ്ദീൻ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കൃത്രിമപ്പാര് കടലിൽ നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ശാസ്ത്രീയമായ പഠനങ്ങൾ ഏതെങ്കിലും ഏജൻസി നടത്തിയിരുന്നോ; വിശദവിവരം നൽകുമോ; | (എ) | ഉണ്ട്. 1994 – 95 വർഷത്തിൽ സി. എം. എഫ്. ആർ. ഐ (സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകളിൽ അണ്ടർ വാട്ടർ വീഡിയോ ക്യാമറ ഉപയോഗപ്പെടുത്തി പഠനം നടത്തിയിട്ടുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് തീരദേശ വികസന കോർപ്പറേഷൻ 2012 മാർച്ചിൽ പുതിയതുറ, കരിംകുളം, പൂവ്വാർ എന്നിവിടങ്ങളിൽ നിക്ഷേപിച്ച കൃത്രിമപ്പാരുകളിൽ 2016-ൽ അണ്ടർ വാട്ടർ വീഡിയോ പഠനം നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ടുകൾ പ്രകാരം കൃത്രിമപ്പാരുകൾ നിക്ഷേപിച്ച സ്ഥലങ്ങളിൽ കടൽ മത്സ്യങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും ലഭ്യതയും അവയുടെ ആവാസ സ്ഥലങ്ങളും പുനർ നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ പരമ്പരാഗത മത്സ്യമേഖലയുടെ അനുഭവ സമ്പത്ത് സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് വിലയിരുത്തിയിട്ടുണ്ടോ;<br>വിശദമാക്കുമോ; | (ബി) | ഉണ്ട്. കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് ടി സ്ഥലത്തുള്ള മത്സ്യഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ, ഫിഷറീസ് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനത്തിലെ പ്രതിനിധികൾ, പ്രസ്തുത സ്ഥലം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി, തീരദേശ വാർഡ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ഒരു ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ മേൽ നോട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയുണ്ടായോ; എങ്കിൽ എവിടെയൊക്കെ നിക്ഷേപിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2011–12, 2014–15, 2016–17 വർഷങ്ങളിൽ പുതിയതുറ, അടിമലത്തുറ, തുമ്പ, പുല്ലുവിള, കരിംകുളം, പൂവ്വാർ, മര്യനാട് എന്നീ സ്ഥലങ്ങളുടെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ